**<u>തദ്ദേശ സ്വയംഭരണ വകുപ്പ്,പ്ലാനിംഗ്</u>**
**<u>ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം</u>**
**<u>ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ</u>**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭ, അയിരൂർപ്പാറ വില്ലേജിൽ - ഗ്രൂപ്പ് ഐ വിഭാഗത്തിൽപ്പെട്ട പെട്രോൾ പമ്പ് - കെട്ടിടം നിർമ്മിക്കുന്നതിന് - ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം
1. മുഖ്യനഗരാസൂത്രകന്റെ 18/6/2022-തീയതിയിലെ TCPCTP/1156/2022-D3 നമ്പർ ഉത്തരവ്.
2. തിരുവനന്തപുരം നഗരസഭയുടെ 07.03.2022-ലെ ZKZM3/1047/2022 നമ്പർ കത്ത്
3. ഈ ഓഫീസിലെ 7/5/2022-തീയതിയിലെ TCPTVM/356/2022-D നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ: TCPTVM/356/2022-D തീയതി 05/07/2022</u>**

തിരുവനന്തപുരം നഗരസഭയിൽ അയിരൂർപ്പാറ വില്ലേജിൽ സർവ്വേ നമ്പർ: 207/7-ൽ ഉൾപ്പെടുന്ന 6540 sq.m വിസ്തൃതിയുള്ള വസ്തുവിൽപെട്ട 2023 sq.m സ്ഥലത്തു 346.20 sq.m വിസ്തൃതിയിൽ ഗ്രൂപ്പ് ഐ വിഭാഗത്തിൽ ഉൾപ്പെടുന്ന പെട്രോൾ പമ്പിന്റെ ലേ ഔട്ട് അനുമതിക്കായി ശ്രീമതി.രമാദേവി & ശ്രീ. അജിത്ത്.വി എന്നിവർ സമർപ്പിച്ച അപേക്ഷ കൺകറൻസിനായി ചീഫ് ടൗൺ പ്ലാനർക്ക് സമർപ്പിക്കുകയും, സൂചന (1) നമ്പർ ഉത്തരവ് പ്രകാരം പെട്രോൾ പമ്പ് നിർമാണത്തിന് മുഖ്യനഗരാസൂത്രകന്റെ കൺകറൻസ് അംഗീകാരം ലഭിച്ചിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പെട്രോൾ പമ്പിന് കെ.എം.ബി.ആർ 2019 ചട്ടം 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ ലേ -ഔട്ട് അനുമതി ആവശ്യമായതിനാൽ, പ്രസ്തുത അപേക്ഷ പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ പ്രസ്തുത നിർമാണത്തിന് താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി കെ.എം.ബി.ആർ 2019 ചട്ടം 30 പ്രകാരം ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണനുമതി/ ഒക്യുപെൻസി നൽകുവാൻ പാടുള്ളു.
2. സ്ഥലത്തിന്റെ അതിരുകൾ, വിസ്തൃതി, അളവുകൾ, വസ്തുവിന്റെ സർവ്വേനമ്പർ അപേക്ഷകന്റെ നിർമാണ അവകാശം എന്നിവയും, നിർദിഷ്ട്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ചു സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
5. നിർദിഷ്ട്ട നിർമ്മാണ സ്ഥലത്തു ഉദ്ദേശിക്കുന്ന വികസന /നിർമാണ

പ്രവർത്തനങ്ങൾ 2008 ലെ നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

6. കെ.എം.ബി.ആർ 2019 ചട്ടം 76(3) പ്രകാരമുള്ള Urban Forestry പ്രസ്തുത നിർമ്മാണത്തിന് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. സൈറ്റിൽ നിലവിലുള്ള ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കണം .
8. കെ.എം.ബി.ആർ 2019 Chapter XVI പ്രകാരമുള്ള Waste Disposal സംവിധാനങ്ങൾ നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**29 /2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

Signature Not Verified
Digitally signed by RAJESH T N
Date: 2022.07.05 18:36:42 IST
Reason: Approved

**RAJESH T N**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

To, സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: 1) അപേക്ഷകൻ (അറിവിലേയ്ക്കായി)
Smt. Rema Bhai & Ajith V.
Vijaya Mandiram
Kattaikonam, Kattaikonam P.O
2) കരുതൽ ഫയൽ
3) ഫയൽ.